ഉത്തരം

(എ) ഉണ്ട്. ക്ലാർക്ക് തസ്തികയിൽ 4-ഉം ടൈപ്പിസ്റ്റ്, ഡ്രൈവർ, പ്യൂൺ-കം-വാച്ചർ എന്നീ തസ്തികകളിൽ ഒന്നുവീതവും നിയമനങ്ങൾ നടത്തിയിട്ടുണ്ട്.

(ബി) നിയമനം നടത്തുന്നതിൽ പാലിക്കേണ്ട നടപടിക്രമങ്ങൾക്കും നിർദ്ദേശങ്ങൾക്കും വിരുദ്ധമായാണ് നിയമനങ്ങൾ നടത്തിയതെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) വകുപ്പുതല നടപടി സ്വീകരിച്ചുവരുന്നു.

(ഡി) പ്രസ്തുത നിയമനത്തിന് ഒരേ ദിവസം തന്നെയാണ് ടെസ്റ്റും ഇന്റർവ്യൂവും നടത്തിയതെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ക്രമവിരുദ്ധമായി നിയമനം നടത്തിയിട്ടുള്ളതിനാൽ ഇക്കാര്യത്തിൽ ഉത്തരവാദികളായവർക്കെതിരെ വകുപ്പുതല നടപടി സ്വീകരിച്ചുവരുന്നു.

എഴുകോൺ, വെളിയം എന്നീ ഭാഗങ്ങളിൽ 33 കെ. വി. സബ്സ്റ്റേഷൻ സ്ഥാപിക്കണമെന്ന ആവശ്യം

122 (1789) ശ്രീ. എഴുകോൺ നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുണ്ടറ ഇലക്ട്രിക്കൽ ഡിവിഷനുകീഴിൽ, നെടുവത്തൂർ നിയോജക മണ്ഡലത്തിൽപെട്ട എഴുകോൺ, വെളിയം എന്നിവിടങ്ങളിൽ 33 കെ.വി സബ്സ്റ്റേഷനുകൾ ആരംഭിക്കണമെന്ന സ്ഥലം എം.എൽ.എ. യുടെ നിവേദനം ലഭിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ ഇവിടങ്ങളിൽ 33 കെ.വി. സബ്സ്റ്റേഷൻ ആരംഭിക്കുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ പൂർത്തിയായിട്ടുണ്ടോ ;

(സി) എങ്കിൽ ഈ സബ്സ്റ്റേഷനുകൾ എന്നത്തേയ്ക്ക് ആരംഭിക്കുവാൻ കഴിയും എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി&സി) ഈ സ്ഥലങ്ങളിൽ സബ്സ്റ്റേഷൻ സ്ഥാപിക്കുന്നതിനുള്ള ആവശ്യകത സംബന്ധിച്ച സാങ്കേതിക പഠനം നടത്തുന്നതിനുള്ള നടപടികൾ എടുത്തുവരുന്നു.

കെ. എസ്. ഇ. ബി.യിലെ സംഘടനകളുടെ പ്രസിദ്ധീകരണങ്ങളിലെ പരസ്യം

123 (1790) ശ്രീ. ചെർക്കളം അബ്ദുള്ള :
ശ്രീ. നാലകത്ത് സൂപ്പി :
ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly

(എ) കെ. എസ്. ഇ. ബി. യിലെ സംഘടനകൾ ഇറക്കുന്ന പ്രസിദ്ധീകരണങ്ങളിൽ സ്വകാര്യ സ്ഥാപനങ്ങളുടെ പരസ്യം പാടില്ല എന്ന സർക്കുലറിന് വിരുദ്ധമായി ബോർഡിലെ ചില സംഘടനകളുടെ പ്രസിദ്ധീകരണങ്ങളിൽ സ്വകാര്യ കമ്പനികളുടെ പരസ്യം കൊടുത്തതിനെക്കുറിച്ച് അന്വേഷണം നടത്തുമോ ;

(ബി) ഇതു തടയുവാൻ നടപടി സ്വീകരിക്കുമോ ;

(സി) ഇക്കാര്യത്തിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ-സി) ഈ വിഷയത്തെ സംബന്ധിച്ചുള്ള സർക്കുലറിലെ നിർദ്ദേശം നടപ്പിലാക്കാൻ നിർദ്ദേശിച്ചുകൊണ്ട് കെ. എസ്. ഇ. ബി. യിലെ എല്ലാ സംഘടനകൾക്കും ട്രേഡ് യൂണിയനുകൾക്കും കത്ത് അയച്ചു കൊടുത്തിട്ടുണ്ട്.

മഞ്ചേരി ജില്ലാ ആശുപത്രിയിൽ 100 കെ. വി. ട്രാൻസ്ഫോർമർ സ്ഥാപിക്കുന്നതിന് നടപടി

124 (1791) ശ്രീ. ഇസ്ഹാക് കുരിക്കൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മഞ്ചേരി ജില്ലാ ആശുപത്രിയിൽ 100 കെ. വി. ട്രാൻസ്ഫോർമർ സ്ഥാപിക്കുന്നതിന് സെക്യൂരിറ്റിയായി നിശ്ചയിച്ചിട്ടുള്ള 3 ലക്ഷത്തോളം രൂപ ഒഴിവാക്കി കൊടുക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ടുള്ള ആശുപത്രി അധികൃതരുടെ അപേക്ഷ ഗവൺമെന്റിന് ലഭിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ പാവപ്പെട്ട രോഗികളെ സഹായിക്കാനായി ഈ തുക വേണ്ടെന്ന് വച്ച് ആശുപത്രിക്ക് ട്രാൻസ്ഫോർമർ സ്ഥാപിക്കാനുള്ള അനുമതി നൽകുമോ ?

ഉത്തരം

(എ) ഒ. വൈ. ഇ. സി. തുക ഒഴിവാക്കണമെന്ന് അഭ്യർത്ഥിച്ചിരുന്നുവെങ്കിലും ജില്ലാ ആശുപത്രി അധികൃതർ ഈ ഇനത്തിലുള്ള തുക 21-2-2000-ന് അടച്ചിട്ടുണ്ട്.

(ബി) ചോദ്യം ഉദിക്കുന്നില്ല.

ഏഷ്യൻ ഡവലപ്പ്മെന്റ് ബാങ്കിൽ നിന്നും വൈദ്യുതി ബോർഡിനു സഹായം

125 (1792) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. കെ. ബാബു :
ശ്രീ. ജോർജ് ജെ. മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഏഷ്യൻ ഡെവലപ്പ്മെന്റ് ബാങ്കിൽ നിന്നും എന്തു തുകയാണ് സംസ്ഥാന വൈദ്യുതി ബോർഡ് ആവശ്യപ്പെട്ടിരിക്കുന്നത് ;

LIBRARY ARCHIVES Kerala Legislative Assembly